# സംഘചൈതന്യ

നിശബ്ദരുടെ വിമോചന ശബ്ദം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർത്താ പത്രിക

പുസ്തകം 5 | ലക്കം 10 | ഒക്ടോബർ 31, 2004


# ഏഴാമത് സ്വാശ്രയസംഘ മഹോത്സവവും ചൈതന്യ കാർഷിക മേളയും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വികലാംഗർക്കായുള്ള സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ 1997 മുതൽ അംഗമായിരുന്ന പ്രവീൺ എന്ന ബുദ്ധിമാന്ദ്യമുള്ള കുട്ടി സെപ്റ്റംബർ 10-ാം തിയതി രോഗബാധിതനായി ഈ ലോകത്തോടു വിടപറഞ്ഞു. എന്നാൽ പ്രവീണിന്റെ രണ്ടു കണ്ണുകളും രണ്ടു വ്യക്തികൾക്ക് കാഴ്ചനൽകിക്കൊണ്ട് ഇന്നും ജീവിക്കുന്നു. സേവന സന്നദ്ധതയ്ക്കും ത്യാഗ മനോഭാവത്തിനും ഇടിവ് സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് കെ.എസ്.എസ്.എസിന്റെ സ്വാശ്രയസംഘത്തിലൂടെ ലഭിച്ച പ്രചോദനത്താൽ മഹത്തായ ഈ പുണ്യപ്രവൃത്തി ചെയ്യുവാൻ തയ്യാറായ പ്രവീണിന്റെ മാതാപിതാക്കളുടെ പ്രവർത്തനം എല്ലാ സ്വാശ്രയസംഘാംഗങ്ങൾക്കും അഭിമാനം നൽകുന്നതാണ്.

1997-ൽ സി.ബി.ആർ. ഗ്രൂപ്പിൽ അംഗമായി ചേരുന്ന അവസരത്തിൽ നിർദ്ധന കുടുംബത്തിലെ മാതാപിതാക്കൾക്ക് ബുദ്ധിമാന്ദ്യമുള്ള ഒൻപതു വയസ്സുള്ള പ്രവീൺ ഒരു ചോദ്യചിഹ്നമായിരുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥയോടൊപ്പം പ്രവീണിന്റെ ബൗദ്ധിക പിന്നോക്കാവസ്ഥ മാതാപിതാക്കളെ ഏറെ തളർത്തി. എന്നാൽ ആത്മവിശ്വാസം പകർന്നു നൽകുന്ന സി.ബി.ആർ. പ്രവർത്തകരുടെ തുടർച്ചയായ സന്ദർശനങ്ങൾ ആ കുടുംബത്തിന് പുത്തൻ ഉണർവേകി. പ്രവീണിന്റെ മാതാപിതാക്കൾ കെ.എസ്.എസ്.എസിന്റെ വികലാംഗർക്കായുള്ള ഫാമിലി സപ്പോർട്ട് ഗ്രൂപ്പിൽ അംഗമായി. തുടർന്ന് പ്രവീണിന്റെ അമ്മ പല പ്രാവശ്യം ഗ്രൂപ്പ് ഭാരവാഹിയായി പ്രവർത്തിക്കുകയും സമൂഹത്തിൽ വികലാംഗരോടുള്ള മനോഭാവം മാറ്റിയെടുക്കുന്നതിൽ കൂട്ടായി പ്രവർത്തിക്കുകയും ചെയ്തു. നെല്ലു പുഴുങ്ങിയുണങ്ങി അരിക്കച്ചവടം നടത്തുന്ന മാതാപിതാക്കൾക്ക് വരുമാന വർദ്ധനവിനായി കെ.എസ്.എസ്.എസ്. ആനുകൂല്യം നൽകിയപ്പോൾ നെല്ലുപുഴുങ്ങുവാൻ തീ കത്തിക്കുന്ന ചക്രം കറക്കുന്ന ജോലി പ്രവീൺ സ്വന്തം അവകാശമായി ചെയ്തുപോന്നു. ബുദ്ധിമാന്ദ്യമുള്ള സ്വന്തം മകനെ മനുഷ്യ മാഹാത്മ്യം മനസ്സിലാക്കി കാത്തുപരിപാലിച്ച ആ മാതാപിതാക്കൾ മകൻ ഇഹലോകത്തിൽ നിന്ന് വിടപറഞ്ഞപ്പോൾ



സംഘങ്ങളിലൂടെ ലഭിച്ച പ്രചോദനമനുസരിച്ച് അവന്റെ കണ്ണുകൾ ദാനം ചെയ്യുവാൻ തീരുമാനിക്കുകയും അതു നടപ്പിലാക്കുകയും ചെയ്തു. പ്രവീൺ ഈ ലോകത്തിൽ നിന്നും അകന്നുപോയെങ്കിലും അവന്റെ കണ്ണുകൾ ഇന്ന് രണ്ടുപേർക്ക് കാഴ്ചയേകി ജീവിക്കുന്നു. അവന്റെ മാതാപിതാക്കളായ സ്റ്റീഫനും അന്നക്കുട്ടിയും ആത്മസംതൃപ്തിയാൽ നിറകണ്ണുകളോടെ ജീവിക്കുന്നു.

ഏഴാമത് സ്വാശ്രയസംഘ മഹോത്സവവും ചൈതന്യ കാർഷിക മേളയും കെ.എസ്.എസ്.എസ്. കുടുംബത്തിലെ 32,000 ലധികം കുടുംബങ്ങളുടെ വാർഷിക മഹോത്സവമാണ്. സ്വാശ്രയസംഘങ്ങളിലൂടെ ലഭിച്ച അറിവിനാലും പ്രചോദനത്താലും കഴിഞ്ഞ ഒരുവർഷക്കാലം സംഘാംഗങ്ങൾ നടത്തിയ മാതൃകാ പ്രവർത്തനങ്ങളുടെ വാർഷികാഘോഷവേളയാണിത്. സമൂഹത്തിൽ ബദൽ ജീവിതശൈലിയും സംസ്ക്കാരവും വളർത്തുവാൻ സഹായിക്കുന്ന കെ.എസ്.എസ്.എസ്. കുടുംബാംഗങ്ങൾ നടപ്പിലാക്കിയ ആയിരക്കണക്കിന് മാതൃകാ പ്രവർത്തനങ്ങളിൽ ഒന്നുമാത്രമാണ് പ്രവീണിന്റെ ജീവിതത്തിൽ നമ്മൾ കാണുന്നത്. മനോഭാവങ്ങളിൽ മാറ്റം വരുത്തി സമൂഹത്തിൽ നന്മ വളർത്തുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. നന്മ നിറഞ്ഞ മനോഭാവങ്ങളിൽ മാറ്റം വന്ന വ്യക്തികളുടെ കൂട്ടങ്ങളായി നമ്മുടെ സ്വാശ്രയസംഘങ്ങളും അതുവഴി നമ്മുടെ നാടും മാറണം. ഇതിനു സഹായിക്കുന്ന മാതൃകാ വികസന പ്രവർത്തനങ്ങളും പരിശീലനങ്ങളുമാണ് കഴിഞ്ഞ ഒരുവർഷക്കാലം കെ.എസ്.എസ്.എസ്. നടപ്പിലാക്കിയത്.

2004-ൽ നമ്മൾ നടപ്പിലാക്കിയ ആയിരക്കണക്കിന് മാതൃകാ വികസന പ്രവർത്തനങ്ങൾ അതുല്യമെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ മനോഭാവങ്ങളിൽ മാറ്റം വരുത്തുവാനുതകുന്ന പങ്കാളിത്ത വികസന സമീപന രീതികളും ബദൽ ജീവിത സംസ്കാരവും പരിസ്ഥിതി സൗഹൃദ ജീവിത ശൈലിയും സമൂഹത്തിൽ വേരോടിക്കാനായിയെന്നത് നിസ്സാരകാര്യമല്ല. അതുകൊണ്ടുതന്നെ സന്തോഷിക്കുവാനും ആഘോഷിക്കുവാനും നമ്മുടെ പ്രവർത്തന വിജയങ്ങൾ ജനസമൂഹത്തിൽ പങ്കുവയ്ക്കുവാനും നമുക്ക് അർഹതയും അവകാശവും ഉത്തരവാദിത്വവുമുണ്ട്. ഇതുതന്നെയാ ണ് സ്വാശ്രയസംഘ വാർഷിക മഹോത്സവ വേളയിൽ നമ്മൾ ചെയ്യുന്നത്.

സ്വാശ്രയസംഘ മഹോത്സവം നമ്മുടെ എല്ലാവരുടെയും വാർഷിക മഹോത്സവമാണ്. കുടുംബാംഗങ്ങളെല്ലാവരും കൂടി ആഘോഷിക്കുമ്പോഴാണ് ഇത് മഹോത്സവമായി മാറുക. അതുകൊണ്ടുതന്നെ ഓരോ സ്വാശ്രയസംഘാംഗത്തേയും നമ്മുടെ കുടുംബ സമ്മേളനത്തിലേക്ക് വ്യക്തിപരമായി ക്ഷണിക്കുകയാണ്. നമ്മുടെ പ്രവർത്തനങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാം, കൂടുതൽ പഠിക്കാം, വർദ്ധിച്ച കരുത്തോടെ മുന്നേറാം. ഏവർക്കും സ്വാഗതം.

**മൈക്കിളച്ചൻ**

# പൊതുഅറിയിപ്പുകൾ

## ഏഴാമത് സ്വാശ്രയസംഘ മഹോത്സവം

7-ാമത് സ്വാശ്രയസംഘ മഹോത്സവത്തിന്റെയും ചൈതന്യ കാർഷി കമേളയുടെയും ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. നവംബർ 26-ാം തിയതി രാവിലെ 10.30 ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തെ തുടർന്ന് ഹൈറേഞ്ച്, ഉഴവൂർ, ഇടയ്ക്കാട് മേഖലകളിലെ സ്വാശ്രയസംഘാംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിക്കും. വനിതാദിനമായി ആഘോഷിക്കുന്ന അന്നേദിവസം പ്രത്യേക പ്രഭാഷണവും കലാസന്ധ്യയും ഉണ്ടായിരിക്കും. നവംബർ 27-ാം തിയതി ശനിയാഴ്ച വയോജനദിനമായി ആചരിക്കും. അന്നേദിവസം വയോജനദിന പ്രഭാഷണവും കടുത്തുരുത്തി, മലങ്കര, കൈപ്പുഴ മേഖലകളിലെ സ്വാശ്രയസംഘാംഗങ്ങളുടെ കലാപരിപാടികളും സ്മാർട്ട് കലാസമിതി ഒരുക്കുന്ന കലാസന്ധ്യയും ഉണ്ടായിരിക്കും. സമാപനദിവസമായ 28-ാം ഞായറാഴ്ച ചുങ്കം, കിടങ്ങൂർ മേഖലകളിലെ സ്വാശ്രയ സംഘങ്ങളുടെ കലാപരിപാടികളും ഹരിതദിന പ്രഭാഷണവും ഉണ്ടായിരിക്കും. സമാപനസമ്മേളനത്തെ തുടർന്ന ഗാനമേളയും സമ്മാന ക്കൂപ്പൺ നറുക്കെടുപ്പും ഉണ്ടായിരിക്കും.

## ഭൂവിഭവ സംരക്ഷണ പദ്ധതി എൻ. ആർ സിറ്റിയിൽ

പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി എൻ. ആർ സിറ്റി കേന്ദ്രീകരിച്ച് പുതിയ ഭൂവിഭവ സംരക്ഷണ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ വികസന ഏജൻസിയായ കപ്പാർട്ടുമായി സഹകരിച്ച് രാജക്കാട് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ഈ ബൃഹത്പദ്ധതിയുടെ പ്രാരംഭഘട്ട പരിശീലനം ഒക്ടോബർ 24-ാം തിയതി എൻ. ആർ സിറ്റി അഗാപ്പെ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പദ്ധതിവഴി പ്രകൃതി സംതുലിതാവസ്ഥ നിലനിർത്തുന്നതിനും കാർഷികമേഖലയെ പുനരുദ്ധരിക്കുന്നതിനും ഉതകുന്ന വിവിധങ്ങളായ പ്രകൃതി -ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കപ്പെടുന്നതാണ്. ആദ്യഘട്ട പരിസ്ഥിതി സംരക്ഷണ സെമിനാറിൽ 430 അംഗങ്ങൾ പങ്കെടുത്തു. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ഡിസംബർ 2-ാം തിയതി വൈകുന്നേരം 4 മണിക്ക് മാർ മാത്യു മൂലക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പൊതുസമ്മേളനത്തിൽ നിർവ്വഹിക്കപ്പെടുന്നതാണ്.

## സേനാപതിയിൽ അഗാപ്പെ സെന്റർ ആരംഭിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി രൂപം നൽകിയിരിക്കുന്ന വിവിധ സ്വാശ്രയസംഘങ്ങളുടെയും ഗ്രാമവികസന സമിതികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനും ഒരോ ഗ്രാമത്തിലും പ്രവർത്തന കേന്ദ്രമായി അഗാപ്പെ സെന്ററുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സേനാപതി ഗ്രാമത്തിൽ ആരംഭിച്ച അഗാപ്പെ സെന്ററിന്റെ ഉദ്ഘാടനം ഒക്ടോബർ 31-ാം തിയതി ഞായറാഴ്ച ഫാ. എബ്രഹാം മുത്തോലത്ത് നിർവഹിച്ചു. ഫാ. സൈമൺ പുല്ലാട് അദ്ധ്യക്ഷനായിരുന്നു. ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ഷാജു ചാമപ്പാറ, ഫാ. ജോബി കാച്ചനോലിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. ഫാ. ജോസ് ഇല്ലിക്കുന്നുംപുറത്ത് സ്വാഗതം ആശംസിച്ചു. അനിമേറ്റർ ആൻസി ജെയിംസ്, സ്വാശ്രയസംഘ ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.



## അക്ഷരജ്യോതി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്കോളർഷിപ്പ്

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൽ നിന്ന് പുതുതായി ഫണ്ട് ലഭ്യമാക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവർക്കായി ഒക്ടോബർ 20-ാം തീയതി 2.30 ന് ചൈതന്യയിൽ വച്ച് പരിശീലനം നൽകി. പരിശീലനത്തിൽ ഇൻഡോ-ജർമ്മൻ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതി ഗുണഭോക്താക്കളും സന്യാസിനി സമൂഹങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതി ഗുണഭോക്താക്കളും പദ്ധതി ഗുണഭോക്താക്കളായി പഠനം പൂർത്തിയാക്കി റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച ഗ്രാമങ്ങളിലെ പുതുതായി തിരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുമായി ആകെ 44 പേർ പങ്കെടുത്തു. സിറിയക്ക് ചൊള്ളമ്പേൽ, ലിൻസ് മാത്യു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം വഹിച്ചു.

## മാതൃകാ മഴവെള്ള സംഭരണികൾ

മഴവെള്ളം ശേഖരിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാനുള്ള ഉപാധിയായ ഫെറോസിമന്റ് മഴവെള്ള സംഭരണികളുടെ പ്രചാരണത്തിനായി കെ.എസ്.എസ്.എസ്. പടമുഖം, സേനാപതി, തടിയമ്പാട് ഗ്രാമങ്ങളുടെ പ്രവർത്തന കേന്ദ്രങ്ങളിൽ കൂടുതൽ ജലസംരക്ഷണ ശേഷിയുള്ള മാതൃകാ മഴവെള്ള സംഭരണികൾ നിർമ്മിച്ചു.

## ഹൈറേഞ്ച് മേഖലാ ലോക്കൽ യൂണിറ്റ് അംഗങ്ങൾക്ക് പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഹൈറേഞ്ച് മേഖലാ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന മേഖലാ ലോക്കൽ കെ. എസ്. എസ്.എസ് അംഗങ്ങളെ പുതിയ പദ്ധതികൾ പരിചയപ്പെടുത്തുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾ വിലയിരുത്തുന്നതിനുമായി ഡിസംബർ മാസം 3-ാം തീയതി രാവിലെ 10.30 മുതൽ എൻ. ആർ സിറ്റി അഗാപ്പെ സെന്ററിൽ വച്ച് നടത്തുന്നതാണ്. മാർ മാത്യു മൂലക്കാട്ട് പരിശീലനം ഉദ്ഘാടനം ചെയ്യും.

**സ്മാർട്ട് കലാസമിതി**

സ്മാർട്ട് ഗ്രൂപ്പുകളിലെ അംഗങ്ങൾക്കായി രൂപം നൽകിയ സ്മാർട്ട് കലാസമിതിയുടെ പരിശീലനം എല്ലാ ശനിയാഴ്ചകളിലും 9.30 മുതൽ 4.30 വരെ നടത്തിവരുന്നു. കുട്ടികളുടെ വിവിധങ്ങളായ കലാകഴിവുകൾ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ഈ പരിശീലനപരിപാടി കൊണ്ടുദ്ദേശിക്കുന്നത്. സ്മാർട്ട് കലാസമിതിയിൽ അംഗത്വം ലഭിച്ച അംഗങ്ങൾക്ക് പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ കെ. എസ്. എസ്. എസ്. നൽകിവരുന്നു. സ്മാർട്ട് കലാസമിതിയുടെ ഉദ്ഘാടനം സ്വാശ്രയസംഘ മഹോത്സവത്തോടനുബന്ധിച്ച് നവംബർ 27-ാം തിയിതി വൈകുന്നേരം 5.30 ന് നടത്തപ്പെടുന്നതാണ്.

**ചിത്രരചനാ മത്സരം**

ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ശാരീരിക വൈകല്യമുള്ളവർക്കും അവരുടെ ക്രിയാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി ചിത്രരചനാ മത്സരം നവംബർ മാസം 13-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിൽ വച്ച് നടത്തപ്പെടുന്നു. മത്സരത്തിൽ ചേരുവാൻ പേര് നൽകിയിട്ടുള്ള എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**ഹരിതവേദി നേതൃപരിശീലനം**

ഹരിതവേദി സ്വാശ്രയ സംഘങ്ങളുടെ ചുങ്കം, കിടങ്ങൂർ, മേഖലകളിലെ ഭാരവാഹികൾക്കായുള്ള പരിശീലനം ഒക്ടോബർ 13-ാം തിയതി ചൈതന്യയിൽ വച്ച് സംഘടിപ്പിച്ചു. അടുത്തവർഷം നടപ്പിലാക്കാനായി അതത് ഗ്രാമങ്ങളിൽ തയ്യാറാക്കിയ കർമ്മരേഖ കേന്ദ്രതലത്തിൽ അവതരിപ്പിച്ചു. ഹരിതവേദി പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരത്തിനുള്ള ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. പരിശീലനത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നേതൃത്വം നൽകി. ചുങ്കം മേഖാലതല ഭാരവാഹികളായി എം.ജെ. സ്റ്റീഫൻ പറമ്പഞ്ചേരി (പ്രസിഡന്റ്), സണ്ണി കുട്ടക്കല്ലുങ്കേൽ വടക്കുംമുറി (വൈസ് പ്രസിഡന്റ്), പി.സി. ജോസഫ് വാരപ്പെട്ടി (സെക്രട്ടറി), റ്റി.ജെ. ടോമി മാറിക (ജോ. സെക്രട്ടറി), ബേബി മാലേപ്പറമ്പിൽ മ്രാല (ഖജാൻജി) എന്നിവരേയും കിടങ്ങൂർ മേഖലാതല ഭാരവാഹികളായി സിബി ജെയിംസ് ഏറ്റുമാനൂർ (പ്രസിഡന്റ്), എ.സി. ബേബി, മാറിടം (വൈസ് പ്രസിഡന്റ്), ജോസ് കെ. ജോസഫ് കൂടല്ലൂർ (സെക്രട്ടറി), കെ.എൽ. പീറ്റർ, നീറിക്കാട് (ജോയിന്റ് സെക്രട്ടറി), കെ.ജെ. ലൂക്കോസ് കിടങ്ങൂർ (ഖജാൻജി) എന്നിവരേയും തെരഞ്ഞെടുത്തു.

**സി.ബി.ആർ. മെഡിക്കൽ ക്യാമ്പ്**

തുടർച്ചയായി മെഡിക്കൽ പരിശോധനകൾ നടത്തിയാൽ വൈകല്യമുള്ളവരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താനാവും എന്ന് മനസ്സിലാക്കിക്കൊണ്ട് ശാരീരിക വൈകല്യമുള്ള സി.ബി.ആർ. ഗ്രൂപ്പംഗങ്ങളുടെ മെഡിക്കൽ ക്യാമ്പിന്റെ അടുത്തഘട്ടം നവംബർ 21-ാം തിയതി രാവിലെ 10 മുതൽ 3.30 വരെ ചൈതന്യയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആദ്യഘട്ടത്തിൽ പങ്കെടുത്ത ശാരീരിക വൈല്യമുള്ള എല്ലാ അംഗങ്ങളും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.



**88 മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തിയായി**

സമഗ്രഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഗ്രാമതലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ചുങ്കം, കിടങ്ങൂർ, ഹൈറേഞ്ച് മേഖലകളിലായി 88 മഴവെള്ള സംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ഗുണഭോക്താക്കളുടെ സഹകരണത്തോടെ നിർമ്മിക്കുന്ന സംഭരണികൾക്ക് സബ്സിഡി നൽകുകയുണ്ടായി.

**പുതിയ മാർക്കറ്റിംഗ് സ്പെഷ്യലിസ്റ്റുകൾ**

സ്വാശ്രയ സംഘാംഗങ്ങളുടെ ഉത്പന്നങ്ങൾ ഭവനങ്ങളിൽ എത്തിച്ചുകൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുന്ന മാർക്കറ്റിംഗ് സ്പെഷ്യലിസ്റ്റുകൾക്ക് കെ. എസ്. എസ്. എസ്. നൽകുന്ന ഔദ്യോഗിക തിരിച്ചറിയൽ കാർഡ് പുതുതായി തോട്ടറ, മള്ളൂശ്ശേരി, പഴയകല്ലറ, ഞീഴൂർ, ഒളശ്ശ, കൂടല്ലൂർ, കരിങ്കുന്നം, മാറിടം, പറമ്പഞ്ചേരി എന്നീ ഗ്രാമങ്ങളിലെ ഒൻപത് പരിശീലനം പൂർത്തിയായ അംഗങ്ങൾക്ക് നൽകി.

**ഹൈറേഞ്ച് INRM കമ്മിറ്റി അംഗങ്ങൾക്ക് പരിശീലനം നൽകി**

സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഗ്രാമങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത INRM കമ്മിറ്റി അംഗങ്ങളുടെ പരിശീലനം ഒക്ടോബർ മാസം 15-ാം തിയതി 10.45 മുതൽ 2.45 വരെ തടിയമ്പാട് മരിയസദൻ അനിമേഷൻ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. INRM കമ്മറ്റിയുടെ ദൗത്യം, ഉത്തരവാദിത്വങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്ലാസ്സ് നയിച്ചു. തുടർന്ന് അംഗങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് പദ്ധതികൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**ഭവന നിർമ്മാണ പരിശീലനം**

76 ഗ്രാമങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയ പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള രണ്ടാം ഘട്ട ഭവനനിർമ്മാണ പരിശീലനം നവംബർ മാസം 10-ാം തിയതി ബുധനാഴ്ച് 2.30 മുതൽ 4 വരെ ചൈതന്യയിൽ വച്ച് നടത്തുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവും, ഭവനനിർമ്മാണത്തിന്റെ മുഖ്യപങ്ക് വഹിക്കുന്ന ഒരു കുടുംബാം

ഗവും പരിശീലനത്തിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരെ അനിമേറ്റർ വഴി അറിയിക്കുന്നതാണ്.

**സ്മാർട്ട് മേഖലാ സംഗമങ്ങൾ**

കുട്ടികളുടെ സ്വാശ്രയസംഘമായ സ്മാർട്ട് ഗ്രൂപ്പുകൾ വളരെ സജീവമായി 69 ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു. സ്മാർട്ട് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുത്തനുണർവുണ്ടാകുവാൻ മേഖലാതലത്തിൽ കുട്ടികൾ ഒരുമിച്ചു കൂടുന്നു. ചേർപ്പുങ്കൽ, കല്ലറ, വെളിയന്നൂർ, ചാമക്കാല, നീറിക്കാട്, കിടങ്ങൂർ, ചുങ്കം, ഉഴവൂർ എന്നീ ഗ്രാമങ്ങളിൽ വച്ച് ഒക്ടോബർ മാസത്തിൽ സംഗമങ്ങൾ നടത്തപ്പെട്ടു.

**പഠനയാത്ര**

സി.ബി.ആർ. ഗ്രൂപ്പംഗങ്ങളുടെ സമഗ്രവളർച്ചയും മാനസിക ഉല്ലാസവും ലക്ഷ്യമാക്കിക്കൊണ്ട് ഒക്ടോബർ 16-ാം തിയതി പഠനയാത്ര നടത്തുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുമായി 130 അംഗങ്ങൾ യാത്രയിൽ പങ്കെടുത്തു. എറണാകുളത്തെ അന്നാ അലുമിനിയം, സുഭാഷ് പാർക്ക്, വല്ലാർപാടം പള്ളി എന്നീ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി.

**മാതാപിതാക്കൾക്ക് പരിശീലനം**

സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി ശാരീരികവും മാനസികവുമായ വൈകല്യമുള്ളവരുടെ മാതാപിതാക്കൾക്കായി പരിശീലന ക്ലാസ്സ് നവംബർ 11-ാം തിയതി രാവിലെ 10.30 മുതൽ 3.30 വരെ ചൈതന്യയിൽ നടത്തുന്നതാണ്.

**കാൻസർ ബോധവത്ക്കരണ സെമിനാർ**

കാരിത്താസ് കാൻസർ ഇൻസ്ററിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ഒക്ടോബർ മാസത്തിൽ ഇരവിമംഗലം, ഉഴവൂർ ഗ്രാമങ്ങളിൽ വച്ച് കാൻസർ ബോധവത്ക്കരണ സെമിനാറുകൾ നടത്തി. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോജോ ജോസഫും കെ. എസ്. എസ്. എസ്. പ്രവർത്തകരും സെമിനാറിന് നേതൃത്വം നൽകി. കാൻസർ രോഗത്തെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന മിഥ്യാധാരണകളകറ്റുവാനും രോഗത്തെക്കുറിച്ച് കൂടുതൽ അറിയുവാനും സംഘാംഗങ്ങൾക്ക് സാധിച്ചു. നവംബർ മാസത്തിൽ മാങ്ങിടപ്പള്ളി, പയസ് മൗണ്ട്, ഞീഴൂർ, കുറുമുള്ളൂർ എന്നീ ഗ്രാമങ്ങളിൽ കാൻസർ ബോധവത്ക്കരണ സെമിനാർ നടത്തുന്നതാണ്.

**സ്മാർട്ട് ക്യാമ്പ്**

ഹൈറേഞ്ച് മേഖലയിലെ സ്മാർട്ട് ഗ്രൂപ്പ് അംഗങ്ങൾക്കായി മൂന്നു ദിവസത്തെ നേതൃത്വപരിശീലന ക്യാമ്പ് ഒക്ടോബർ 22, 23, 24 എന്നീ തിയതികളിൽ തടിയമ്പാട് മേഖലാ ഓഫീസിൽ വച്ച് നടത്തി. ഒക്ടോ



ബർ 22-ാം തിയതി രാവിലെ 11 മണിക്ക് സ്മാർട്ട് കോർഡിനേറ്റർ ജോമോൻ തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. സൈമൺ പുല്ലാട്ട്, ഫാ. ജോബി കാച്ചനോലിക്കൽ, രോഹിത് ജോസഫ്, ലിൻസ് മാത്യു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഒക്ടോബർ 24-ാം തിയതി 1.30ന് ക്യാമ്പ് സമാപിച്ചു. ക്യാമ്പിനോടനുബന്ധിച്ചു നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് ഫാ. ജോബി കാച്ചനോലിക്കൽ സമ്മാനങ്ങൾ നൽകി. ഹൈറേഞ്ച് മേഖലയിലെ വിവിധ ഗ്രാമങ്ങളിൽ നിന്നായി 75 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**സി.ബി.ആർ. സ്റ്റാഫിന് പരിശീലനം**

സി.ബി.ആർ. പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന 20 സ്റ്റാഫംഗങ്ങൾക്ക് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഒക്ടോബർ 29, 30 തിയതികളിൽ ബാംഗ്ലൂരുള്ള ആഡ് ഇന്ത്യയുടെ റിസോഴ്സ് പേഴ്സണായ പ്രൊഫസർ അലക്സ് പരിമളം, സി. ഗിൽബർട്ട്, നീൽകുമാർ എന്നിവർ ആശയവിനിമയത്തെക്കുറിച്ച് പരിശീലനം നൽകി. വികലാംഗരുമായുള്ള മെച്ചപ്പെട്ട ആശയവിനിമയ രീതികൾക്ക് പരിശീലനത്തിൽ രൂപം നൽകി.

**ഗ്രാമോത്സവം**

സ്വാശ്രയസംഘങ്ങളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി 2004-ൽ നടപ്പിലാക്കുന്ന ഗ്രാമോത്സവ പരിപാടികൾ വളരെയേറെ ജനശ്രദ്ധ ആകർഷിച്ചുവരുന്നു. ഒക്ടോബർ മാസത്തിൽ ഏറ്റുമാനൂർ, മാറിടം, റാന്നി, മാറിക, ചിങ്ങവനം, പേരൂർ, ചാരമംഗലം, ചെറുകര, മകുടാലയം, കൈപ്പുഴ ഗ്രാമങ്ങളിൽ ഗ്രാമോത്സവം നടത്തുകയുണ്ടായി. സ്ത്രീശാക്തീകരണം, സ്വാശ്രയസംഘ പ്രവർത്തനശൈലികൾ, കുടുംബജീവിതം, ബദൽ ജീവിത പാഠങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങളും വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യവും ഗ്രാമോത്സവത്തെ സജീവമാക്കി.

**ബ്യൂട്ടിഷ്യൻ പരിശീലനം**

സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാനവർദ്ധനവിനായി വരുമാന പരിശീലനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ഡിസംബർ മാസം 13-ാം തിയതി രാവിലെ 10 മുതൽ 3.30 വരെ ബ്യൂട്ടീഷ്യൻ പരിശീലനം ചൈതന്യയിൽ വച്ച് നടത്തുന്നു. അതാത് മേഖലയിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് ഡിസംബർ മാസം 1-ാം തിയതിക്കകം കോർഡിനേറ്റർ വഴി ഓഫീസിൽ എത്തിക്കണം.

**അസോള പരിശീലനം**

സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്ര വികസനത്തിനായി പല നൂതന തൊഴിൽ സംരംഭങ്ങളും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഡിസംബർ

മാസം 4-ാം തിയിതി ഉച്ചക്ക് 2 മുതൽ 4 വരെ ചൈതന്യയിൽ വച്ച് അസോള പരിശീലനം ഉണ്ടായിരിക്കുന്നതാണ്. അനിമേറ്റർ വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് പങ്കെടുക്കാവുന്നതാണ്.

### സാരി പെയിന്റിംഗ് പരിശീലനം

സ്വാശ്രയ സംഘാംഗങ്ങളുടെ വരുമാന വർദ്ധനവിനായി വിവിധ വരുമാന പരിശീലനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സാരി പെയിന്റിംഗ് പരിശീലനം ഒക്ടോബർ മാസം 27-ാം തിയതി നടത്തുകയുണ്ടായി. 53 അംഗങ്ങൾ പങ്കെടുത്തു. ചുങ്കം ഗ്രൂപ്പംഗമായ സെലിൻ ജോൺ ക്ലാസ്സുകൾ നയിക്കുകയുണ്ടായി. തുടർപരിശീലനം ഡിസംബറിൽ ഉണ്ടായിരിക്കുന്നതാണ്.

### ലീഡേഴ്സിന് പരിശീലനം

സ്വാശ്രയ സംഘങ്ങളിലെ നേതൃനിരയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കൈപ്പുഴ, ഇടയ്ക്കാട്ട് മേഖലകളിലെ ലീഡേഴ്സിനായുള്ള പരിശീലനം ഒക്ടോബർ 8, 15, 22, 23 തീയതികളിൽ നടത്തുകയുണ്ടായി. കെ. എസ്. എസ്.എസ്. ദർശനം, സ്വാശ്രയസംഘങ്ങളുടെ പ്രസക്തി, ജീവിത മൂല്യങ്ങളും വ്യക്തി ബന്ധങ്ങളും, നേതൃത്വം എന്നീ വിഷയങ്ങളെക്കുറിച്ച് സി. ലിനറ്റ്, ലിൻസ് മാത്യു, അഞ്ചിത്ത് എന്നിവർ ക്ലാസ്സുകൾ എടുത്തു. വിവിധ ഗ്രാമങ്ങളിൽ നിന്നും 375 ഭാരവാഹികൾ പരിശീലനത്തിൽ പങ്കെടുത്തു. കടുത്തുരുത്തി മേഖലയിലെ ലീഡേഴ്സിനായുള്ള പരിശീലനം നവംബർ 12-ാം തിയതി കടുത്തുരുത്തി പാരിഷ്ഹാളിൽ വച്ച് നടത്തുന്നതാ ണ്.

### നവോമി വിദ്യാഭ്യാസ അവാർഡ്

നവോമി ഗ്രൂപ്പംഗങ്ങളുടെ മക്കളിൽ 2003 -2004 അദ്ധ്യയനവർഷത്തിൽ പ്ലസ് ടു പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. അർഹരായ മൂന്ന് നവോമി ഗ്രൂപ്പംഗങ്ങൾ അവരുടെ കുട്ടികളുടെ മാർക്ക് നിലവാരം അനിമേറ്റർ വഴി ഓഫീസിൽ അറിയിക്കണം.

### മണ്ണിര വളത്തിന്റെയും പച്ചക്കറിവിത്തുകളുടെയും ശേഖരണം

കർഷകരുടെ സമഗ്രവികസനം ലക്ഷ്യം വച്ചു കൊണ്ട് ഗുണനിലവാരമുള്ള വിത്തിനങ്ങളും മണ്ണിരവളവും സംഘാംഗങ്ങളിൽ നിന്ന് വാങ്ങി വിപണനം നടത്തിക്കൊണ്ടിരിക്കുന്നു. വിപണനത്തിന് ആവശ്യമായ ഗുണനിലവാരമുള്ള പച്ചക്കറിവിത്തിനങ്ങളും, മണ്ണിരവളവും ഗ്രൂപ്പ് അംഗങ്ങളിൽ നിന്ന് ശേഖരിക്കാൻ ഉദ്ദേശിക്കുന്നു. താത്പര്യമുള്ള അംഗങ്ങൾ അനിമേറ്റർ വഴി ഓഫീസിൽ അറിയിക്കുക.

### സ്വയം തൊഴിൽ പരിശീലനം

സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്രവികസനത്തിനായി നിരവധി തൊഴിൽ പരിശീലനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി കാടവളർത്തൽ



പരിശീലനവും തേനീച്ച വളർത്തൽ പരിശീലനവും നടത്തുകയുണ്ടായി. തേനീച്ച വളർത്തൽ പരിശീലനത്തിൽ പങ്കെടുത്തവർക്ക് തേനീച്ചപ്പെട്ടിയും മറ്റ് സജ്ജീകരണങ്ങളും കാടവളർത്തലിൽ പങ്കെടുത്തവർക്ക് അതിനു വേണ്ട സജ്ജീകരണങ്ങളും അതാത് ഗ്രാമത്തിൽ എത്തിച്ചു നൽകി.

### വരുമാന പദ്ധതി ഗുണഭോക്താക്കൾക്ക് പരിശീലനം

നവോമി ഗ്രൂപ്പുകളിൽ നിന്ന് തെരെഞ്ഞെടുക്കപ്പെട്ട വരുമാനപദ്ധതി ഗുണഭോക്താക്കൾക്ക് പരിശീലനം ഒക്ടോബർ 11-ാം തിയതി ചൈതന്യയിൽ വച്ച് നടത്തി. 17 വരുമാനപദ്ധതി ഗുണഭോക്താക്കൾക്ക് ഫണ്ട് ലഭ്യമാക്കി.

## സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതി

**പുതിയ ഗ്രൂപ്പ്:** സേനാപതിയിൽ കോർഡിനേറ്ററുടെ നേതൃത്വത്തിൽ സ്നേഹദീപം എന്ന പേരിൽ പുതിയ ഗ്രൂപ്പ് രൂപീകരിച്ചു. മറ്റക്കര, അരീക്കര ഗ്രാമങ്ങളിൽ പുതിയ സി.ബി.ആർ. ഗ്രൂപ്പുകൾ ആരംഭിച്ചു.

**ഗ്രാന്റ് നൽകി: കൈപ്പുഴ:** സി.ബി.ആർ. ഗ്രൂപ്പംഗമായ ശ്യാം ശശിക്ക് 2000 രൂപ സ്വയം തൊഴിൽ ചെയ്യുന്നതിനായി ലഭിച്ചു. **ഉഴവൂർ:** സി.ബി.ആർ. ഗ്രൂപ്പംഗമായ ജോയിസ് ജോയിക്ക് 1500 രൂപയും സാന്ദ്രജ ചന്ദ്രബാബുവിന് 500 രൂപയും സ്വയം തൊഴിൽ ചെയ്യുന്നതിനായി ലഭിച്ചു. **ഇടക്കോലി:** സി.ബി.ആർ. ഗ്രൂപ്പംഗമായ സ്റ്റീഫൻ ജോയിക്ക് 1500 രൂപ ലഭിച്ചു. **മാന്നാനം:** സി.ബി.ആർ. ഗ്രൂപ്പംഗമായ എം.എം. തോമസ് മുകളേലിന് തയ്യൽ മെഷീൻ വാങ്ങുന്നതിനായി 1500 രൂപയും പി.ആർ. അരുണിന് സ്വയം തൊഴിൽ വിപുലീകരിക്കുന്നതിനായി 1000 രൂപയും ലഭിച്ചു. **കിടങ്ങൂർ:** സി.ബി. ആർ. ഗ്രൂപ്പംഗമായ നിഷാ സുകുമാരന് 500 രൂപ ചികിൽസാ സഹായവും കട്ടച്ചിറ സി.ബി.ആർ. ഗ്രൂപ്പംഗമായ മുത്ത് ദേവസ്യായ്ക്ക് 750 രൂപ പഠന സഹായവും നൽകി. പുന്നത്തുറ സി.ബി.ആർ. ഗ്രൂപ്പംഗമായ രഞ്ജിത്ത് ചന്ദ്രന് 3000 രൂപ ആടിനെ വളർത്തുന്നതിന് നൽകി.

**റിവോൾവംഗ് ഫണ്ട്:** സി.ബി.ആർ ഗ്രൂപ്പംഗമായ അനുരാജിന് പശുവിനെ വാങ്ങാൻ 2400 രൂപാ ലഭിച്ചു.

**ബോധവത്കരണ ക്ലാസ്സ്:** ചാമക്കാല: സി.ബി.ആർ. ഗ്രൂപ്പംഗങ്ങൾക്കും തച്ചേട്ടു പറമ്പുകോളനി അംഗങ്ങൾക്കുമായി ചാമക്കാല സാംസ്കാരിക നിലയത്തിൽ വച്ച് വികലാംഗത ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലിനെക്കുറിച്ച് മേരി ഫിലിപ്പ് ക്ലാസ്സെടുത്തു.

**നിത്യോപയോഗ സാധനങ്ങളുടെ പരിശീലനം:** കുറുമുള്ളൂർ: സി.ബി.ആർ. ഗ്രൂപ്പംഗങ്ങളെ നിമ്മി ജോസിന്റെ നേതൃത്വത്തിൽ വിക്സുണ്ടാക്കുവാൻ പഠിപ്പിച്ചു.

# മേഖലാ വാർത്തകൾ

## കിടങ്ങൂർ മേഖല

**ഗ്രാമോത്സവം:** ഏറ്റുമാനൂർ ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘാംഗങ്ങളുടെ വാർഷിക മഹോത്സവവും ഓണാഘോഷവും ഒക്ടോബർ 2ന് നടത്തുകയുണ്ടായി. ലിൻസ് മാത്യു, സി. ലിനറ്റ്, ഫാ. ജേക്കബ് കുറുപ്പിനകത്ത് എന്നിവർ സ്ത്രീശാക്തീകരണം, ഗ്രൂപ്പിന്റെ നടപടിക്രമങ്ങൾ, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. എബ്രഹാം പറമ്പേട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ഏറ്റുമാനൂർ പഞ്ചായത്ത് പ്രസിഡന്റ് രമാ വിശ്വനാഥ് ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. **മാറിടം:** ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘാംഗങ്ങളുടെ വാർഷിക മഹോത്സവവും പ്ലാസ്റ്റിക് നിർമാർജനത്തിന്റെ ഉദ്ഘാടനവും ഒക്ടോബർ 3ന് നടത്തുകയുണ്ടായി. ലതികാ സുഭാഷ്, സി. ലിനറ്റ്, റീബാ വർക്കി എന്നിവർ സ്ത്രീശാക്തീകരണം, ഗ്രൂപ്പിന്റെ നടപടിക്രമങ്ങൾ, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. ഫിലിപ്പ് രാമച്ചനാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം കടപ്ലാമറ്റം പഞ്ചായത്ത് വൈസ് പ്രസിഡന്റ് സൂസമ്മ ജോയി ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. അതിനുശേഷം ഹരിതവേദി പ്രസിഡന്റ് പി.ടി. തോമസ് പ്ലാസ്റ്റിക് നിർമാർജനം ഉദ്ഘാടനം ചെയ്തു. **ചെറുകര:** ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘാംഗങ്ങളുടെ വാർഷിക മഹോത്സവവും പ്ലാസ്റ്റിക്കിനെതിരായ ബോധവത്കരണത്തിന്റെ ഭാഗമായി ചണനൂലിൽ തീർത്ത ബിഗ്ഷോപ്പർ ഉദ്ഘാടനവും ഒക്ടോബർ 23-ാം തിയതി നടത്തുകയുണ്ടായി. ലതികാ സുഭാഷ്, ബെസ്സി ജോസ്, ഫാ. ജേക്കബ് കുറുപ്പിനകത്ത് എന്നിവർ സ്ത്രീശാക്തീകരണം, ഗ്രൂപ്പിന്റെ നടപടിക്രമങ്ങൾ, കുടുംബ ജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. ജേക്കബ് കളപ്പുരയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. ചണനൂലുകൊണ്ടുള്ള ബിഗ്ഷോപ്പർ വിതരണോദ്ഘാടനം പി.സി. ജോസഫ് നിർവഹിച്ചു. **കൂടല്ലൂർ:** ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘാംഗങ്ങളുടെ വാർഷിക മഹോത്സവവും പ്ലാസ്റ്റിക് നിർമാർജനവും ഒക്ടോബർ 22-ാം തിയതി നടത്തുകയുണ്ടായി. ലതികാസുഭാഷ്, ബെസ്സി ജോസ്, ഫാ. ജേക്കബ് കുറുപ്പിനകത്ത് എന്നിവർ സ്ത്രീശാക്തീകരണം, ഗ്രൂപ്പിന്റെ നടപടിക്രമങ്ങൾ, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. മൈക്കിൾ വെട്ടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനം പ്രൊഫസർ ജോയി പല്ലാട്ടുമഠം ഉദ്ഘാടനം ചെയ്തു.



ഫാ. അലക്സ് ചെട്ടിയാത്ത് ചണനൂലുകൊണ്ടുള്ള ബിഗ്ഷോപ്പർ വിതരണോദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. എല്ലാ ഗ്രാമങ്ങളിലും കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി.

**മെഡിക്കൽ ക്യാമ്പ്: കട്ടച്ചിറ:** കിടങ്ങൂർ കൊച്ച് ലൂർദ്ദ് മിഷൻ ഹോസ്പിറ്റലും കെ.എസ്.എസ്.എസും സംയുക്തമായി മെഡിക്കൽ ക്യാമ്പ് നടത്തി പ്രമേഹം, ശ്വാസംമുട്ടൽ, മറ്റ് രോഗങ്ങൾ എന്നിവയ്ക്കെല്ലാം വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ച് മരുന്നുകൾ സൗജന്യമായി നൽകി.

**സീനിയർ ആയുർവേദ മെഡിക്കൽ ക്യാമ്പ്:** കിടങ്ങൂർ പാരിഷ്ഹാളിൽ വച്ച് ഒക്ടോബർ 8-ാം തിയതി 10.30ന് ഫാ. ജോർജ് പുതുപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ഫാ. ജേക്കബ് വാലേൽ യോഗം ഉദ്ഘാടനം നിർവഹിച്ചു. ഡോ. ജോസഫും ടീമംഗങ്ങളും ചികിൽസാരീതികളെക്കുറിച്ചും ആയുർവേദ മരുന്നുകളെപ്പറ്റിയും പഥ്യരീതികളെക്കുറിച്ചും വിശദമായി പറഞ്ഞുകൊടുക്കുകയും, 150 ഓളം പേരെ പരിശോധിച്ച് മരുന്ന് നൽകുകയും ചെയ്തു.

**INRM ലീഡേഴ്സ് ട്രെയിനിംഗ്:** കട്ടച്ചിറ, ഏറ്റുമാനൂർ എന്നീ ഗ്രാമങ്ങളിലെ ഭാരവാഹികളുടെ മീറ്റിംഗ് കട്ടച്ചിറ സ്കൂളിൽ വച്ച് നടത്തി. ഷീലാ സ്റ്റീഫൻ, സ്റ്റീഫൻ ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. **ചെറുകര:** ഒക്ടോബർ 2-ാം തിയതി വനിതാ ഗ്രൂപ്പംഗങ്ങളും സ്മാർട്ട് ഗ്രൂപ്പംഗങ്ങളും ചേർന്ന് പള്ളിയും സ്കൂളും പരിസരശുചീകണം നടത്തി. **കൂടല്ലൂർ:** ഒക്ടോബർ 2-ാം തിയതി സ്മാർട്ട് കുട്ടികളും വനിതാഗ്രൂപ്പംഗങ്ങളും ചേർന്ന് പരിസര ശുചീകരണം നടത്തി.

**സൗഹൃദ സന്ദർശനം:** കിടങ്ങൂർ മേഖലയിലെ എല്ലാ ഗ്രൂപ്പംഗങ്ങളും ചേർന്ന് സൗഹൃദ സന്ദർശനം നടത്തി.

**സ്മാർട്ട് സംഗമം: കിടങ്ങൂർ:** ഒക്ടോബർ 9-ാം തിയതി കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് പി.ജി. ആതിരയുടെ അദ്ധ്യക്ഷതയിൽ കിടങ്ങൂർ, കട്ടച്ചിറ, കൂടല്ലൂർ, ഏറ്റുമാനൂർ എന്നീ സ്ഥലങ്ങളിലെ കുട്ടികൾക്ക് സ്മാർട്ട് സംഗമം നടത്തുകയുണ്ടായി. രോഹിത്, ഷാരോൺ, അൻജു സാറാ വർക്കി എന്നിവർ മദ്യപാനം, മയക്കുമരുന്ന്, പുകവലി, ജീവിത വിജയത്തിനു വേണ്ട കാര്യങ്ങൾ നേതൃത്വം എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. 86 കുട്ടികൾ പങ്കെടുത്തു. **നീറിക്കാട്:** ഒക്ടോബർ 16-ാം തിയതി ശനിയാഴ്ച 10 മണിക്ക് സെന്റ് മേരീസ് സ്കൂളിൽ വച്ച് ടോണി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ സ്മാർട്ട്സംഗമം സി. പെട്രീഷ്യ ഉദ്ഘാടനം ചെയ്തു. നീറിക്കാട്, മറ്റക്കര, പുന്നത്തുറ എന്നീ ഗ്രാമങ്ങളിലെ കുട്ടികൾക്കായി ലിൻസ്, ഷാരോൺ, ഗ്രേസ് എന്നിവർ മൂല്യത്തെക്കുറിച്ചും ജീവിതവിജയത്തിനു വേണ്ട കാര്യങ്ങളെക്കുറിച്ചും ക്ലാസ്സെടുക്കുകയുണ്ടായി. 63 കുട്ടികൾ പങ്കെടുത്തു.

**ശുചീകരണ പ്രവർത്തനങ്ങൾ:** ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിന് അയർക്കുന്നം ഗവൺമെന്റ് ആയുർവേദ ആശുപത്രിയും പരിസരങ്ങളും മറ്റക്കര ഹരിതവേദിയുടെ നേതൃത്വത്തിൽ ശുചിയാക്കി. പഞ്ചായത്ത് പ്രസിഡന്റ് ജോസഫ് ചാമക്കാലായുടെ സാന്നിദ്ധ്യത്തിൽ ഫാ. ഷാജി പൂത്തറ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ആശുപത്രി ജീവനക്കാരും ഹരിതവേദി പ്രവർത്തകരും പങ്കെടുത്ത പരിപാടിക്ക് ജോസഫ് പി.ടി., മേരി ആന്റണി എന്നിവർ നേതൃത്വം നൽകി.

## കടുത്തുരുത്തി മേഖല

**പുതിയ ഗ്രൂപ്പ്:** തോട്ടറ: ഒക്ടോബർ 1-ാം തിയതി ഫാ. അലക്സ് വടക്കേക്കരയുടെ അദ്ധ്യക്ഷതയിൽ സീനിയർ സിറ്റിസൺ ഗ്രൂപ്പ് രൂപീകരിച്ചു. ഡോ. കെ. ജെ. ജോൺ ഉദ്ഘാടനവും കോർഡിനേറ്റർ ആൻസി സ്റ്റീഫൻ ആശംസയും നേർന്നു.

**ഭാരവാഹികളുടെ മീറ്റിംഗ്:** തോട്ടറ, മാങ്കിടപ്പള്ളി, പൂഴിക്കോൽ എന്നീ ഗ്രാമങ്ങളിൽ വികാരിയച്ചന്മാരുടെ അദ്ധ്യക്ഷതയിൽ കോർഡിനേറ്ററുടെ നേതൃത്വത്തിൽ വയോജനദിനം, ഗ്രാമോത്സവം, പുതിയ ഗ്രൂപ്പുകൾ, ഓണാഘോഷം വിലയിരുത്തൽ, അടുക്കളത്തോട്ടം, ആയുർവേദ ക്ലാസ്സ്, സീനിയർ ഗ്രൂപ്പ് എന്നീ വിഷയങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുകയും ഭാവി പ്രവർത്തനങ്ങൾക്ക് തീരുമാനമെടുക്കുകയും ചെയ്തു.

**ഗാന്ധിജയന്തി ദിനാഘോഷങ്ങൾ:** തോട്ടറ: ഫാ. എബി വടക്കേക്കരയുടെയും ഗ്രാമവികസന സമിതിയുടെയും നേതൃത്വത്തിൽ സ്വാശ്രയ സംഘാംഗങ്ങൾ അരയൻകാവ് തോട്ടറ റോഡ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

**സൗഹൃദ സന്ദർശനം :** പിറവം, കരിപ്പാടം, കടുത്തുരുത്തി, കുറുപ്പന്തറ, പൂഴിക്കോൽ, ഞീഴൂർ എന്നീ ഗ്രാമങ്ങളിൽ അംഗങ്ങൾ സൗഹൃദ സന്ദർശനം നടത്തി.

**വയോജന ദിനം :** ഞീഴൂർ, പിറവം, കുറുപ്പന്തറ, തോട്ടറ എന്നീ ഗ്രാമങ്ങളിൽ വികാരിയച്ചന്മാരുടെ അദ്ധ്യക്ഷതയിൽ സീനിയർ സിറ്റിസൺ ഗ്രൂപ്പംഗങ്ങൾ വയോജനദിനാഘോഷം നടത്തി. ഗ്രാമതല ഭാരവാഹികൾ നേതൃത്വം നൽകി.

**സ്വയം തൊഴിൽ: കടുത്തുരുത്തി:** ആരാധനാ ഗ്രൂപ്പംഗങ്ങൾ, റെഡിമെയ്ഡ് കച്ചവടം നടത്തുന്നു. തോട്ടറ ജ്യോതിസ് ഗ്രൂപ്പംഗങ്ങൾ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്നു. പിറവം പ്രതീക്ഷ ഗ്രൂപ്പിലെ ചിന്നമ്മ ജോസ്, ബാം , വിന്നാഗിരി എന്നിവ ഉണ്ടാക്കി വില്പന നടത്തുന്നു. **പാഴുതുരുത്ത് :** ശാന്തി ഗ്രൂപ്പിലെ ലിസി ജോസഫ് കൊപ്രാ ആട്ടി വെളിച്ചെണ്ണ വിൽപ്പന നടത്തുന്നു. കരിപ്പാടം ചൈതന്യ ഗ്രൂപ്പിലെ രാധാ സുകുമാരനും വിജയലതയും റെഡി മെയ്ഡ് കച്ചവടം നടത്തുന്നു. **അറുനൂറ്റിമംഗലം:** സ്നേഹ ഗ്രുപ്പംഗങ്ങൾ റബ്ബർമരത്തിന് ഷെയ്ഡ് ഇട്ട് സ്വയം



തൊഴിൽ ചെയ്യുന്നു.

**സെമിനാർ:** കടുത്തുരുത്തിയിലെ വനിതാ ഗ്രൂപ്പംഗങ്ങൾക്കായി ഒക്ടോബർ 13-ാം തിയ്തി 2 മണിക്ക് ഫാ. എബി അലക്സ് സ്ത്രീകൾക്ക് കൂട്ടായ്മ എന്തിന് എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. രാജി തോമസ് സ്വാഗതവും വത്സാ മോഹൻ നന്ദിയും രേഖപ്പെടുത്തി.

**വൃക്ഷമിത്രാ പദ്ധതി:** പിറവം ഗ്രാമത്തിലെ ഉഷസ് ഗ്രൂപ്പംഗങ്ങൾ കരക്കോട് റോഡിൽ വൃക്ഷത്തൈ നട്ടു.

## ഉഴവൂർ മേഖല

**ഗ്രാമതല സെമിനാറുകൾ:** വെളിയന്നൂർ സ്വാശ്രയസംഘാംഗങ്ങൾക്കായി ഫാ. ഷെൽട്ടന്റെ അധ്യക്ഷതയിൽ ഡോ. ബിജു റ്റി. എസ്. പ്രഷർ, പ്രമേഹം എന്നീ അസുഖങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

**ബോധവത്ക്കരണ സെമിനാർ:** വെളിയന്നൂർ: വികലാംഗത്വവും ബുദ്ധിമാന്ദ്യവും ഉണ്ടാകാതിരിക്കേണ്ടതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വെളിയന്നൂർ പഞ്ചായത്തിലെ 6-ാം വാർഡിലെ അമ്മമാർക്ക് ബിനി ജേക്കബ് ക്ലാസ്സ് നൽകി.

**കാൻസർ അവബോധ സെമിനാർ:** ഉഴവൂർ സ്വാശ്രയ അംഗങ്ങൾക്കായി കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ജോജോ വി. ജോസഫ് ക്ലാസ്സ് നൽകി.

**സ്മാർട്ട് സംഗമം:** വെളിയന്നൂർ സെന്റ് മേരിസ് പാരീഷ് ഹാളിൽ വച്ച് അരീക്കര, വെളിയന്നൂർ, പുതുവേലി, അമനകര എന്നീ ഗ്രാമങ്ങളിലെ സ്മാർട്ട് കുട്ടികളെ ഒന്നിപ്പിച്ചുകൊണ്ട് സ്മാർട്ട് സംഗമം ഫാ. ഷെൽട്ടൻ അപ്പോഴിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടത്തി. ജോമോൻ, ജാൻസി ജോയി, സജ്ജയ് എസ്. നായർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**വൃദ്ധദിനാഘോഷം: വെളിയന്നൂർ:** ഒക്ടോബർ-1ന് ഫാ. ഷെൽട്ടൻ അപ്പോഴിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കേക്ക് മുറിച്ച് വയോജനദിനം ആഘോഷിച്ചു. ജാൻസി ജോയി ആശംസകൾ അർപ്പിച്ചു. **പുതുവേലി :** സീനിയർ ഗ്രൂപ്പിലെ അംഗങ്ങൾ ഒന്നിച്ച് കൂടി മധുരപലഹാരങ്ങൾ പങ്കിട്ടു കഴിക്കുകയും അതേഗ്രൂപ്പിലെ ഒരംഗത്തിന്റെ വീട്ടിലേക്ക് അനിമേറ്ററുടെ നേതൃത്വത്തിൽ സൗഹൃദ സന്ദർശനം നടത്തുകയും ചെയ്തു. **പയസ്മൗണ്ട്:** ഫാ. ജോർജ് വണ്ടന്നൂരിന്റെ അദ്ധ്യക്ഷതയിൽ സീനിയർ സിറ്റിസൺ ഗ്രൂപ്പ് കൂടി. കേക്ക് മുറിക്കുകയും കലാപരിപാടികൾ നടത്തുകയും ചെയ്തു. സി. സെലിൻ കുര്യൻ പങ്കെടുത്തു.

**പെൻഷൻ അനുവദിച്ചു:** വെളിയന്നൂർ സി.ബി.ആർ ലെ രണ്ട് അംഗങ്ങൾക്ക് പെൻഷൻ അനുവദിച്ചു.

**വരുമാന പദ്ധതികൾ: വെളിയന്നൂർ:** നവോമി ഗ്രൂപ്പ് അംഗമായ രാജമ്മ

പച്ചക്കറിക്കച്ചവടം നടത്തുന്നു. ദീപം ഗ്രൂപ്പംഗമായ സുജാത നിത്യോപയോഗ സാധനങ്ങളും, അശ്വതി ഗ്രൂപ്പംഗങ്ങൾ പലചരക്ക് കടയും നടത്തുന്നു. **ഉഴവൂർ:** ഐശ്വര്യ ഗ്രൂപ്പംഗമായ സീനാ മാത്യു എല്ലാത്തരം റെഡിമെയ്ഡ് ഡ്രസ്സുകളും വിൽപ്പന നടത്തുന്നു. **ഇടക്കോലി:** അന്നാസ്, ഐശ്വര്യ എന്നീ ഗ്രൂപ്പുകൾ അനിമേറ്റർ ആലീസ് മാത്യുവിന്റെ നേതൃത്വത്തിൽ ലോഷൻ, ലിക്വിഡ് സോപ്പ് എന്നിവ ഉണ്ടാക്കുവാൻ പഠിച്ചു. **പുതുവേലി:** അനിമേറ്ററുടെ നേതൃത്വ ത്തിൽ സെന്റ്മേരീസ് ഗ്രൂപ്പംഗങ്ങൾ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കു വാൻ പഠിച്ചു. **അമനകര:** അനശ്വര ഗ്രൂപ്പ് അംഗങ്ങൾ എല്ലാവരും കൂടി മെഴുകുതിരിയും പലഹാരങ്ങളും ഉണ്ടാക്കി വിൽക്കുന്നു. അമനകര ഗ്രേയ്സ് ഗ്രൂപ്പംഗങ്ങൾ സി.സി. യിൽ നിന്ന് ലോണെടുത്ത് പശു, ആട് എന്നിവ വളർത്തുന്നു.

**സ്വയം തൊഴിൽ പരിശീലനം: ഉഴവൂർ:** ഐശ്വര്യ ഗ്രൂപ്പംഗങ്ങൾ സെന്റ് സ്റ്റീഫൻസ് എൽ. പി. സ്കൂളിൽ കുട്ടികളെ കുടയുണ്ടാക്കുവാൻ പഠിപ്പിച്ചു. **പയസ്മൗണ്ട്:** ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘങ്ങളുടെ ഓണാഘോഷപരിപാടികൾ ഫാ. ജോർജ് വണ്ടന്നൂരിന്റെ അദ്ധ്യക്ഷതയിൽ ബഹു. പഞ്ചായത്ത് പ്രസിഡന്റ് ന്യൂജന്റ് ജോസഫ് ഉദ്ഘാടനം ചെയ്തു. വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

**ലീഡേഴ്സ് ട്രെയിനിംഗ്:** ഉഴവൂർ മേഖലയിലെ എല്ലാ ലീഡേഴ്സ് ട്രെയിനിംഗും മോനിപ്പള്ളിയിൽ വച്ച് ഫാ. മാത്യു എടാട്ടിന്റെ അദ്ധ്യക്ഷതയിൽ നടത്തി. സി. ലിനറ്റ്, അഞ്ചിത്ത് എബ്രഹാം, ലിൻസ് മാത്യു എന്നിവർ ക്ലാസ്സുകൾ നയിച്ചു. കുമാരി സീന, കോർഡിനേറ്റർ, അനിമേറ്റർമാർ ഗ്രാമതലഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**വൃദ്ധദിനം:** ഒക്ടോബർ 1-ാം തീയിതി ഫാ. മാത്യു എടാട്ടിന്റെ അദ്ധ്യക്ഷതയിൽ വയോജനദിനം നടത്തി. കേക്ക് മുറിച്ച് സന്തേഷം പങ്കിട്ടു.

**ഭാരവാഹികളുടെ മീറ്റിംഗ്:** കോർഡിനേറ്റർ ജാൻസി ജോയിയുടെ നേതൃത്വത്തിൽ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി ഗ്രാമോത്സവം, കാർഷിക മേള ഗാന്ധി ജയന്തി, ലീഡേഴ്സ് മീറ്റിംഗ് മുതലായവയെക്കുറിച്ച് ചർച്ച നടത്തി.

**പുതിയ ഗ്രൂപ്പ്**: മോനിപ്പള്ളിയിൽ അനുഗ്രഹ എന്നപേരിൽ പുതിയ ഗ്രൂപ്പ് രൂപീകരിച്ചു.

**സ്വയംതൊഴിൽ:** അൽഫോൻസാ ഗ്രൂപ്പിലെ ഷേർളി സണ്ണി സി. സി. യിൽ നിന്ന് ലോൺ എടുത്ത് പശുവിനെ വാങ്ങി സ്വയംതൊഴിൽ ചെയ്യുന്നു. ഐശ്വര്യ ഗ്രൂപ്പിലെ കൗസല്ല്യാ രാമൻ പശുവിനെ വാങ്ങി പാൽ വിൽപ്പന നടത്തുന്നു.

## മലങ്കര മേഖല

**ഗ്രാമോത്സവം:** ചിങ്ങവനം ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘാംഗങ്ങളുടെ



വാർഷിക മഹോത്സവം ഒക്ടോബർ 12 ന് നടത്തുകയുണ്ടായി. അഞ്ചിത്ത് എബ്രഹാം, സി. ലിനറ്റ്, ഫാ. ജേക്കബ് കുറുപ്പിനകത്ത് എന്നിവർ സ്ത്രീ ശാക്തീകരണം സ്വാശ്രയസംഘ പ്രവർത്തനശൈലി , കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. ഫാ. ജോൺ ചേന്നാകുഴിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം വാർഡുമെമ്പർ പൊന്നമ്മ തോമസ് ഉദ്ഘാടനം ചെയ്തു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തുകയും അഡ്വ.ടിനു കെ. തോമസ് ആശംസകൾ അർപ്പിക്കുകയും ചെയ്തു.നറുക്കെടുപ്പിലൂടെ ദമ്പതികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സാലമ്മ ഫീലിപ്പോസ് സ്വാഗതവും ശശികല സാബു നന്ദിയും പറഞ്ഞു. റാന്നി ഗ്രാമത്തിലെ വിവിധ സ്വാശ്രയ സംഘാംഗങ്ങളുടെ വാർഷിക മഹോത്സവം ഒക്ടോബർ 9 ന് നടത്തുകയുണ്ടായി . അഞ്ചിത്ത് എബ്രഹാം, സി. ലിനറ്റ്, പി. ജെ. മാത്യു എന്നിവർ സ്ത്രീ ശാക്തീകരണം, സ്വാശ്രയസംഘപ്രവർത്തന ശൈലി, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. പൊതുസമ്മേളനത്തിൽ ഫാ. തോമസ് കുരിശുംമൂട്ടിൽ അദ്ധ്യക്ഷനായിരുന്നു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തുകയും സി. കെ. രാധാകൃഷ്ണൻ, വത്സമ്മ എബ്രാഹാം എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. അനില ജേക്കബ് സ്വാഗതവും റീനാ ജോയി നന്ദിയും പറഞ്ഞു. ദമ്പതികൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**വൃദ്ധദിനാഘോഷം:** പാച്ചിറ, ചിങ്ങവനം, വെളിയനാട്,വാകത്താനം, കുന്നങ്കരി എന്നീ ഗ്രാമങ്ങളിൽ ഒക്ടോബർ ഒന്നാം തീയതി വൃദ്ധദിനം ആഘോഷിക്കുകയും, മധുരപലഹാരങ്ങൾ, സമ്മാനങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**വരുമാനപദ്ധതി: വെളിയനാട് :** സംഗീത ഗ്രൂപ്പിലെ കുഞ്ഞമ്മ ചാക്കോ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു.രമ്യാ ഗ്രൂപ്പിലെ പൊന്നമ്മ വിജയപ്പൻ സോപ്പ്, വിന്നാഗിരി. എന്നിവ ഉണ്ടാക്കി വിൽക്കുന്നു. **ചിങ്ങവനം :** കരുണാ ഗ്രൂപ്പിലെ സാലമ്മ എബ്രാഹാം നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. **റാന്നി :** സ്നേഹ ഗ്രൂപ്പിലെ ഡെയ്സി ജോസ് കാന്റീൻ നടത്തുന്നു. **കുറ്റൂർ :** ഇമ്മാനുവേൽ ഗ്രൂപ്പിലെ സുമ റെജി, ജെയിനമ്മ തോമസ് എന്നിവർ ചേർന്ന് തുണിക്കച്ചവടം നടത്തുന്നു. **കുന്നംങ്കരി :** ഡിവൈൻ ഗ്രൂപ്പിലെ മോളി, ലില്ലിക്കുട്ടി എന്നിവർ നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. **വാകത്താനം :** നവോമി ഗ്രൂപ്പംഗമായ സൂസമ്മ കര്യൻ, ആലീസ് ജോസ് എന്നിവർ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തുന്നു.

**മേഖലാ ഭാരവാഹികളുടെ മീറ്റിംഗ്:** മലങ്കര മേഖലാ ഭാരവാഹികളുടെ മീറ്റിംഗ് ഫാ. അലക്സാണ്ടർ പാറാനിക്കലിന്റെ അദ്ധ്യക്ഷതയിൽ കുറ്റൂർ പാരീഷ് ഹാളിൽ വച്ച് കൂടുകയും കാർഷികമേള, ഗ്രൂപ്പിന്റെ പ്രവർത്തന

ങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**സൗഹൃദ ദിനം ആചരിച്ചു:** ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തിയതി മലങ്കര മേഖലയിലെ എല്ലാ ഗ്രാമങ്ങളിലും സൗഹൃദദിനമായി ആചരിക്കുകയും പരിസരശുചീകരണം നടത്തുകയും ചെയ്തു.

**ഗ്രാമതല സെമിനാർ:** പാച്ചിറ, വെളിയനാട്, കുന്നംങ്കരി എന്നീ ഗ്രാമങ്ങളിൽ ആത്മഹത്യാ പ്രവണതയെക്കുറിച്ച് ലിൻസ് മാത്യു ക്ലാസ്സെടുത്തു.

**പുതിയ ഗ്രൂഷ്:** ഇരവിപേരൂർ, റാന്നി, എന്നീ സ്ഥലങ്ങളിൽ നവജ്യോതി, കാരുണ്യ എന്നീ പേരുകളിൽ പുതിയ വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ഭാരവാഹികളുടെ മീറ്റിംഗ്:** വെളിയനാട്, ഇരവിപേരൂർ എന്നീ ഗ്രാമങ്ങളിൽ ഗ്രാമോത്സവം, കാർഷികമേള എന്നീ വിഷയങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഗ്രാന്റ് ലഭിച്ചു:** ഇരവിപേരൂർ ഐശ്വര്യാ ഗ്രൂപ്പിന് പഞ്ചായത്തിൽ നിന്നും1500 രൂപാ ഗ്രാന്റ് ലഭിച്ചു.

**ലീഡേഴ്സ് മീറ്റിംഗ്:** മലങ്കരമേഖലയിലെ ലീഡേഴ്സ് ട്രെയിനിംഗ് ഒക്ടോബർ 15-ാം തിയതി ചിങ്ങവനം കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. വാർഡ് മെമ്പർ കെ. കെ. പ്രസാദ് അദ്ധ്യക്ഷത വഹിച്ചു. മേഖലാ പ്രസിഡന്റ് ലീലാമ്മ ജോസ് സെമിനാർ ഉദ്ഘാടനം ചെയ്തു. സി. ലിനറ്റ്, ലിൻസ് മാത്യു, ജോൺസൺ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഗെയിംസ് നടത്തി. സമ്മാനങ്ങൾ വിതരണം ചെയ്തു. ഗീതാ മാത്യു സ്വാഗതവു മേഴ്സി പുന്നൂസ് നന്ദിയും പറഞ്ഞു.

## കൈപ്പുഴ മേഖല

**വൃദ്ധദിനാഘോഷം:** ഒക്ടോബർ 1-ാം തീയിതി ചാമക്കാല, മാന്നാനം, കുറുമുള്ളൂർ, നീണ്ടൂർ, കൈപ്പുഴ എന്നീ ഗ്രാമങ്ങൾ വൃദ്ധദിനം ആചരിക്കുകയും ഗ്രൂപ്പംഗങ്ങൾ വിവിധ കലാപരിപാടികൾ നടത്തുകയും ചെയ്തു.

**കാൻസർ ബോധവൽക്കരണ സെമിനാർ:** ഇരവിമംഗലം: ഒക്ടോബർ 9-ാം തിയതി 2.30 ന് ഫാ. മാത്യു മാവേലിയുടെ അദ്ധ്യക്ഷതയിൽ സെന്റ് ജോസഫ് എൽ. പി. സ്കൂളിൽ വച്ച് ക്യാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തി. ഗ്രാമതലത്തിൽ അടുക്കളത്തോട്ടത്തിനുള്ള 1-ാം സമ്മാനദാനം ഫാ. മാത്യു മാവേലി നിർവ്വഹിച്ചു. തുടർന്ന് നിത്യോപയോഗസാധനങ്ങളുടെ കിറ്റുകൾ വിതരണം ചെയ്തു.

**സ്മാർട്ട് സംഗമം: ചാമക്കാല :** ഒക്ടോബർ 9-ാം തീയതി 10.30 ന് ചാമക്കാലയിൽ വച്ച് നീണ്ടൂർ, കുറുമുള്ളൂർ, മകുടാലയം, എന്നീ ഗ്രാമങ്ങളിലെ



കുട്ടികൾക്ക് ഏകദിന സെമിനാർ നടത്തി. അഞ്ചു സാറാ വർക്കി, ലിൻസ് മാത്യു എന്നിവർ ക്ലാസ്സ് എടുത്തു. കോർഡിനേറ്റർ ജെസ്സി ഫിലിപ്പ്, അനിമേറ്റർമാർ ഗ്രാമതല ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. കായിക മത്സരങ്ങളുടെ സമ്മാനദാനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തി.

**മണ്ണിര കമ്പോസ്റ്റ് :** ചാമക്കാല ഗ്രാമത്തിൽ 45 സ്വാശ്രയ സംഘാംഗങ്ങൾ മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കി.

**വരുമാനപദ്ധതി :** പഴയകല്ലറയിൽ ധന്യാ ഗ്രൂപ്പംഗങ്ങൾ തേയില, ലോഷൻ, പാൽപ്പൊടി എന്നിവ വിൽക്കുന്നു. **പാലതുരുത്ത്:** നവോമി ഗ്രൂപ്പംഗമായ രമണി ജോസഫ് പശുവളർത്തൽ നടത്തുന്നു. **കുറുമുള്ളൂർ :** അർച്ചനാ ഗ്രൂപ്പംഗമായ രാധ പെട്ടിക്കട ആരംഭിച്ചു. സെന്റ് മേരീസ് ഗ്രൂപ്പംഗമായ മേരി തയ്യൽ നടത്തുന്നു. ലിൻസി, വത്സമ്മ എന്നിവർ സി. സി. യിൽ നിന്നും 5000 രൂപ ലോൺ എടുത്ത് ആടുവളർത്തൽ ചെയ്യുന്നു.

**ശുചീകരണം നടത്തി :** ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയിതി കുറുമുള്ളൂർ ഗ്രൂപ്പംഗങ്ങൾ ഫാ. ജോയി ചമ്പക്കരയുടെ നേതൃത്വത്തിൽ പള്ളിയുടെ ഭാഗത്തുള്ള റോഡ് വൃത്തിയാക്കി.

**ഭാരവാഹികളുടെ മീറ്റിംഗ് :** കൈപ്പുഴ, മകുടാലയം മാന്നാനം എന്നീ ഗ്രാമങ്ങളിൽ കോർഡിനേറ്റർ ജെസ്സി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ മീറ്റിംഗ് കൂടി ഭാവിപ്രവർത്തനങ്ങൾ വിലയിരുത്തുകയും, ഗ്രാമോത്സവം, സെമിനാർ എന്നീ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**പരാതി നൽകി:** പാലതുരുത്ത് : പാൻമസാല തുളസി എന്നിവയുടെ ഉപയോഗം നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്വാശ്രയ സംഘാംഗങ്ങൾ ഗ്രാമസഭയിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റിന് പരാതി നൽകി.

**ലീഡേഴ്സ് ട്രെയിനിംഗ്:** 8-ാം തിയതി കല്ലറ പുത്തനിൽ വച്ച് ഫാ. മാത്യു പോളയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ലീഡേഴ്സ് ട്രെയിനിംഗ് നടത്തുകയുണ്ടായി ഫാ. തോമസ് തറയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ലിസി ലൂക്കോസ് ആശംസകൾ അർപ്പിക്കുകയും ചെയ്തു. ട്രെയിനിംഗിൽ പതിനൊന്ന് ഗ്രാമങ്ങളിൽ നിന്നായി ലീഡേഴ്സ് പങ്കെടുക്കുകയുണ്ടായി സി. ലിനറ്റ്, സിറിയക്ക് എബ്രഹാം, അഞ്ചിത്ത് എബ്രഹാം, അനു ജോസഫ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സീനിയർ ആയുർവേദ സെമിനാർ:** നീണ്ടൂർ രാജമക്കൾ ഹാളിൽ വച്ച് ബഹു. ജേക്കബ് കുറുപ്പിനകത്തിന്റെ അദ്ധ്യക്ഷതിയിൽ സീനിയർ ആയുർവേദ ക്ലാസ്സ് നടക്കുകയുണ്ടായി. കെ. സി. ജോൺ കട്ടപ്പുറം ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും എം. സി. മൈക്കിൾ ആശംസകൾ അർപ്പിക്കുകയും ചെയ്തു. സീനിയർ അംഗങ്ങൾക്ക് മരുന്നുകൾ വിതരണം ചെയ്തു.

## ചുങ്കം മേഖല

**ഗ്രാമോത്സവ്:** മാറിക ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘാംഗങ്ങളുടെ വാർഷികമഹോത്സവം ഒക്ടോബർ 10-ാം തിയതി നടത്തുകയുണ്ടായി. സി. ലിനറ്റ്, അഞ്ചിത്ത്, ഷീലാ സ്റ്റീഫൻ എന്നിവർ സ്ത്രീ ശാക്തീകരണം, ഗ്രൂപ്പിന്റെ നടപടി ക്രമങ്ങൾ, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ഫാ. എബ്രഹാം പാറടിയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. പുറപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ഫിലിപ്പ് മാത്യു ഉദ്ഘാടനം ചെയ്തു.

**ഭാരവാഹികളുടെ മീറ്റിംഗ്:** മ്രാല: ഫാ. ബെന്നി കന്നുവെട്ടിയിലിന്റെ അദ്ധ്യക്ഷതയിൽ ഭാരവാഹികളുടെ മീറ്റിംഗ് കൂടുകയും കാർഷികമേള, കൂപ്പൺ, കലണ്ടർ, ഗ്രാമോത്സവം, സംഘചൈതന്യയുടെ പ്രസക്തി എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനം എടുത്തു.

**നിവേദനം കൊടുത്തു: കരിങ്കുന്നം:** ഹരിതവേദി അംഗങ്ങൾ സംയുക്തമായി പഞ്ചായത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാൻ നിവേദനം കൊടുത്തു.

**വരുമാനപദ്ധതികൾ: കരിങ്കുന്നം :** ക്രിസ്റ്റീന ഗ്രൂപ്പംഗമായ ഷൈനി സാബു സാരി പെയിന്റിംഗ്, എംബ്രോയിഡറി എന്നിവ ചെയ്തു കൊടുക്കുന്നു. **ചുങ്കം:** കരുണ ഗ്രൂപ്പിലെ ചന്ദനംസ്വാമി വല തയിച്ച് കൊടുക്കുന്നു. ചുങ്കം യൂണിറ്റിലെ 7 ഗ്രൂപ്പിൽ നിന്നായി 21 അംഗങ്ങൾ തൊടുപുഴ അർബൻ ബാങ്കിൽ പോയി നിത്യോപയോഗ സാധനങ്ങൾ മണ്ണിര, വളം, കൂൺ കൃഷി എന്നിവയെക്കുറിച്ചുള്ള ക്ലാസ്സിൽ പങ്കെടുത്തു. **മുട്ടം:** കരുണ ഗ്രൂപ്പംഗമായ വനജ മധു നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി വിൽക്കുന്നു.

**വാരപ്പെട്ടി - ഹരിത ദേവാലയം:** ഫാ. ജെയിംസ് വടക്കേക്കണ്ടംകരിയുടെ അദ്ധ്യക്ഷതയിൽ പള്ളി പരിസരത്ത് വൃക്ഷത്തൈകൾ നട്ട് പദ്ധതിക്ക് തുടക്കം കുറിച്ചു.

**വൃക്ഷമിത്ര പദ്ധതി:** വാരപ്പെട്ടി, മ്രാല എന്നീ സ്ഥലങ്ങളിൽ വൃക്ഷമിത്ര പദ്ധതിക്ക് തുടക്കംകുറിച്ചു.

**പുതിയ ഗ്രൂപ്പ്:** വാരപ്പെട്ടി, പറമ്പഞ്ചേരി എന്നീ സ്ഥലങ്ങളിൽ സീനിയർ സിറ്റിസൺ ഗ്രൂപ്പ് ആരംഭിച്ച് കെ. എസ്. എസ്.എസ് ദർശനം, കാഴ്ചപ്പാട്, ലക്ഷ്യം എന്നീ കാര്യങ്ങളെക്കുറിച്ച് പറയുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. മണക്കാട്, മാറിക എന്നീ ഗ്രാമങ്ങളിൽ ഓരോ വനിതാ ഗ്രൂപ്പുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചു.

**വരുമാനപദ്ധതി:** മാറിക: ദീപം, സ്നേഹദീപം എന്നീ ഗ്രൂപ്പുകളിലെ അംഗങ്ങൾ സർഫ്, ലിക്വിഡ് സോപ്പ് എന്നിവ ഉണ്ടാക്കി വിൽക്കുന്നു. സ്നേഹ



ദീപം ഗ്രൂപ്പംഗമായ അച്ചാമ്മ ജോസ് കേറ്ററിംഗ് നടത്തുന്നു.

**ഗ്രാമതലസെമിനാർ:** പറമ്പഞ്ചേരി എൽ. പി. സ്കൂളിൽ വച്ച് ഹരിതവേദിയുടെ നേതൃത്വത്തിൽ ആത്മഹത്യാ പ്രവണതയും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ലിൻസ്, എം. മാത്യു ക്ലാസ്സ് നയിക്കുകയും, സ്റ്റീഫൻ ഹരിതവേദി ഭാരവാഹികൾ എന്നിവർ സെമിനാറിന് നേതൃത്വം കൊടുക്കുകയും ചെയ്തു.

**സ്മാർട്ട് മേഖലാ സംഗമം:** ചുങ്കം സെന്റ് ജോസഫ് യു. പി. സ്കൂളിൽ വച്ച് സ്മാർട്ട് മേഖലാ സംഗമം ഉദ്ഘാടനം തൊടുപുഴ കൗൺസിലർ ബാബു പരമേശ്വരൻ നിർവ്വഹിച്ചു. സി. അരുൺ, അനു ജോസഫ്, അനിമേറ്റേഴ്സ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ഹൈറേഞ്ച് മേഖല

**ആയുർവേദ മെഡിക്കൽ ക്യാമ്പ്:** തടിയമ്പാട് ഹരിതവേദിയുടെയും കെ.എസ്.എസ്.എസ്. വനിതാ സ്വാശ്രയസംഘങ്ങളുടെയും നേതൃത്വത്തിൽ നടന്ന ആയുർവേദ മെഡിക്കൽ ക്യാമ്പ് ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഡോ. കെ.എ. വിൻസന്റ്, ഡോ. ആൻസി തോമസ് എന്നിവർ രോഗികളെ പരിശോധിക്കുകയും മരുന്നുകൾ നൽകുകയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**കാൻസർ ബോധവത്കരണ സെമിനാർ:** പടമുഖം ഹരിതവേദിയുടെ നേതൃത്വത്തിൽ നടന്ന കാൻസർ ബോധവത്കരണ സെമിനാറിൽ മുരിക്കാശ്ശേരി പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെന്ററിലെ ഡോ. സുഗുണ ക്ലാസ്സുകൾ നയിച്ചു.

**പരിശീലനം നൽകി:** സമഗ്ര ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ഹൈറേഞ്ച് മേഖലയിലെ INRM കമ്മിറ്റിയംഗങ്ങൾക്ക് തടിയമ്പാട് മരിയസദൻ അനിമേഷൻ സെന്ററിൽ വച്ച് ഏകദിന പരിശീലനം നടത്തി. പരിശീലനത്തിന് ഫാ. മൈക്കിൾ വെട്ടിക്കാട്ട് നേതൃത്വം നൽകി. സിറിയക് ജോസഫ്, അനു ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**പുകയില്ലാത്ത അടുപ്പുകൾ:** INRM പദ്ധതിയുടെ ഭാഗമായി ഹൈറേഞ്ച് മേഖലയിലെ വിവിധ ഗ്രാമങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പുകയില്ലാത്ത അടുപ്പിന്റെ ഗുണഭോക്താക്കൾക്ക് തടിയമ്പാട് മേഖലാ ഓഫീസിൽ വച്ച് പരിശീലനം നൽകി. പരിശീലനത്തിന് രോഹിത്, സ്റ്റീഫൻ വി.യു. എന്നിവർ നേതൃത്വം നൽകി.

**സ്മാർട്ട് മേഖലാ ക്യാമ്പ്:** ഹൈറേഞ്ച് മേഖലയിലെ സ്മാർട്ട് കുട്ടികൾക്കുവേണ്ടി മൂന്നുദിവസത്തെ മേഖലാ ക്യാമ്പ് തടിയമ്പാട് മേഖലാ ഓഫീസിൽ വച്ച് നടത്തി. മേഖലാതലത്തിൽ കുട്ടികൾക്കായുള്ള ഉപന്യാസമ

ത്സരവും അന്നേദിവസം നടത്തി. ജോമോൻ, രോഹിത്, ലിൻസ്, സിറിയക് ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**നീർത്തട പദ്ധതി ഉദ്ഘാടനം:** മൂങ്ങാപ്പാറ നീർത്തട പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് മാത്യു ജോസഫ് നിർവഹിച്ചു. പടമുഖം ഫൊറോനാ പള്ളി വികാരി ഫാ. സൈമൺ പുല്ലാട്ട് അദ്ധ്യക്ഷനായിരുന്നു.

**പരിസ്ഥിതി സംരക്ഷണ സെമിനാർ:** കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കൗൺസിൽ ഫോർ അഡ്വാൻസ്മെന്റ് ഓഫ് പീപ്പിൾസ് ആക്ഷൻ ആന്റ് റൂറൽ ടെക്നോളജി(CAPART)യുമായി സഹകരിച്ച് രാജാക്കാട് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ഭൂവിഭവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പരിസ്ഥിതി സംരക്ഷണ സെമിനാർ പഞ്ചായത്ത് പ്രസിഡന്റ് കുമാരി ടി.എം. കമലം ഉദ്ഘാടനം നിർവഹിച്ചു. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. ഫാ. ഷാജു ചാമപ്പാറ അദ്ധ്യക്ഷനായിരുന്നു. സിറിയക് ചൊള്ളമ്പേൽ, സ്റ്റീഫൻ ജോസ്, സിറിയക് ജോസഫ് എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നടത്തി. കോർഡിനേറ്റർ വി.യു. സ്റ്റീഫൻ, അനിമേറ്റർ ജിബി ബേബി, ഹരിതവേദി ഭാരവാഹികൾ, ഗ്രാമതല ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**വരുമാന പദ്ധതി:** തടിയമ്പാട് ചൈതന്യ കാർഷിക നേഴ്സറിയിൽ തൈകൾ നട്ടുവളർത്തുന്നതിനായി ഗൃഹലക്ഷ്മി ഗ്രൂപ്പംഗങ്ങൾ പോളിത്തീൻ കൂടുകളിൽ മണ്ണ് നിറച്ച് വരുമാന പദ്ധതി നടപ്പിലാക്കി.

**ശ്രമദാനം:** ഗാന്ധിജയന്തിയോടനുബന്ധിച്ച് തെള്ളിത്തോട്ടിലെ അൽഫോൻസാ ഗ്രൂപ്പംഗങ്ങൾ ചിന്നാർ റോഡും, തെരേസാ ഗ്രൂപ്പംഗങ്ങൾ ഇരുമലക്കപ്പ് റോഡും വൃത്തിയാക്കി. തടിയമ്പാട്, നാരകക്കാനം എന്നീ ഗ്രാമങ്ങളിലെ ഹരിതവേദിയംഗങ്ങളും വനിതാ സ്വാശ്രയസംഘാംഗങ്ങളും ചേർന്ന് പൊതുനിരത്ത് വൃത്തിയാക്കി സേവനദിനം ആചരിച്ചു. ഫാ. ജോർജ്ജ് തയ്യിൽ, ഫാ. ജോബി കാച്ചനോലിക്കൽ എന്നവർ നേതൃത്വം നൽകി.

**വരുമാനപദ്ധതി പരിശീലനം:** നാരകക്കാനത്ത് കെ.എസ്.എസ്.എസ്. വനിതാ ഗ്രൂപ്പംഗങ്ങൾക്കു വേണ്ടി ചൂടാറപ്പെട്ടി, പേപ്പർ ക്യാരിബാഗ് നിർമ്മാണം, അജമാംസ രസായനം എന്നിവ നിർമ്മിക്കുവാൻ പഠിപ്പിച്ചു.

**സ്മാർട്ട് പി.ടി.എ.:** നാരക്കാനത്ത് സ്മാർട്ട് പേരന്റ്സ് മീറ്റിംഗ് കൂടി ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**വരുമാനപദ്ധതി:** തടിയമ്പാട് ആൻമരിയ ഗ്രൂപ്പംഗങ്ങൾ പലചരക്ക് വ്യാപാരം തുടങ്ങി.

**സി.ബി.ആർ ഗ്രൂപ്പ്:** പടമുഖം, തടിയമ്പാട്, നാരകക്കാനം, തെള്ളിത്തോട് എന്നിവിടങ്ങളിൽ സി.ബി.ആർ. ഗ്രൂപ്പ് പ്രവർത്തനമാരംഭിച്ചു.



## ഇടയ്ക്കാട്ട് മേഖല

**ശുചീകരണം നടത്തി:** കുമാരനല്ലൂർ ജീവ പുരുഷ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2-ാം തിയതി ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഇടയാടി സ്കൂൾ, കരിയമ്പാടം റോഡും പരിസരവും ശുചീകരണം നടത്തി. രാവിലെ 9 മണിക്കാരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ ഉച്ചകഴിഞ്ഞ് 2.30 ഓടു കൂടി സമാപിക്കുകയുണ്ടായി. ഭൂരിഭാഗം അംഗങ്ങളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. പരിപാടികൾക്കു ശേഷം അംഗങ്ങളുടെ വകയായി ലഘുഭക്ഷണ വിതരണവുമുണ്ടായിരുന്നു.

**ഗ്രാമോത്സവ്:** പേരൂർ ഗ്രാമത്തിലെ വിവിധ സ്വാശ്രയസംഘങ്ങളുടെ വാർഷിക മഹോത്സവം ഒക്ടോബർ 16ന് നടത്തുകയുണ്ടായി. ലതികാ സുഭാഷ്, ബെസ്സി ജോസ്, ഫാ. ജേക്കബ് കുറുപ്പിനകത്ത് എന്നിവർ സ്ത്രീശാക്തീകരണം, ഗ്രൂപ്പിന്റെ നടപടിക്രമങ്ങൾ, കുടുംബജീവിതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. തുടർന്ന് ഫാ. ലൂക്ക് പൂത്തൃക്കയിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. ജോയി മന്നാമല ആശംസയർപ്പിച്ചു. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ചാരമംഗലം ഗ്രാമത്തിലെ ഗ്രാമോത്സവ് ഒക്ടോബർ 17ന് നടത്തി. ഫാ. വർഗീസ് കാട്ടുപറമ്പിൽ, സിസ്റ്റർ ലിനറ്റ്, ജോൺ പുല്ലാപ്പള്ളി എന്നിവർ ക്ലാസ്സ് നയിച്ചു. ഫാ. ജെയിംസ് ചെരുവിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. രവി പാലത്തിങ്കൽ ആശംസയർപ്പിച്ചു. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**സെമിനാർ:** കണ്ണങ്കര: സ്വാശ്രയസംഘാംഗങ്ങൾക്കായി നടത്തിയ സെമിനാറിൽ ആത്മഹത്യ പ്രവണത എന്ന വിഷയത്തെ ആസ്പദമാക്കി ലിൻസ് മാത്യു ക്ലാസ്സെടുത്തു.

**ഹരിതവിദ്യാലയം:** കുമരകം: ഒക്ടോബർ 2ന് ഫാ. ജോസ് ചിറപ്പുറം വൃക്ഷത്തൈ നട്ട് ഹരിതവിദ്യാലയം ഉദ്ഘാടനം ചെയ്തു. സ്വാശ്രയസംഘാംഗങ്ങളും വിദ്യാർത്ഥികളും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

**വൃദ്ധ ദിനാഘോഷം:** കുമരകം, മള്ളൂശ്ശേരി, പേരൂർ, കിഴക്കേ നട്ടാശ്ശേരി എന്നീ ഗ്രാമങ്ങളിൽ ഒക്ടോബർ 1ന് വികാരിയച്ചൻമാരുടെ അദ്ധ്യക്ഷതയിൽ വിവിധ പരിപാടികളോടെ വയോജന ദിനം ആചരിച്ചു.

**വരുമാനപദ്ധതി:** സംക്രാന്തി: കവിതാ ഗ്രൂപ്പംഗമായ വിജയമ്മ രാജു, പലഹാര കച്ചവടം ആരംഭിച്ചു. ലൈലാ ഷാജഹാൻ തുണിക്കച്ചവടം തുടങ്ങി. ജസീല പലചരക്കുകട ആരംഭിച്ചു. **കുമരകം:** ദർശന ഗ്രൂപ്പംഗമായ സതി രാജപ്പൻ പലഹാരം ഉണ്ടാക്കി വില്ക്കുന്നു. ആൻസി, ലിസിയമ്മ എന്നി

വർ ചേർന്ന് സർഫ്, ഉജാല, വിന്നാഗിരി എന്നിവർ ഉണ്ടാക്കി വില്ക്കുന്നു.

**ലീഡേഴ്സ് ട്രെയിനിംഗ്:** ഒളശ്ശ ഗ്രൂപ്പ് ഭാരവാഹികളുടെ മീറ്റിംഗ് കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഭാവി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. ഗ്രാമോത്സവം, പുതിയ ഗ്രൂപ്പുകൾ രൂപീകരിക്കുക, ഗ്രൂപ്പുകളിൽ അംഗത്വം വർദ്ധിപ്പിക്കുക എന്നിവ നടപ്പിലാക്കുവാൻ തീരുമാനിച്ചു.

**സ്മാർട്ട് ഗ്രൂപ്പ്:** സംക്രാന്തി, കാരിത്താസ്, ഈസ്റ്റ് നട്ടാശ്ശേരി എന്നീ ഗ്രാമങ്ങളിലെ കുട്ടികളുടെ സ്മാർട്ട് സംഗമം സംക്രാന്തിയിൽ വച്ച് നടത്തി. ലിൻസ്, രോഹിത്, നോവ എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു.

**ലീഡേഴ്സ് മീറ്റിംഗ്:** കുമരകം: ഇടയ്ക്കാട്ട് മേഖലയിലെ ഗ്രൂപ്പ് ലീഡേഴ്സിന് ഏകദിന പരിശീലനം കുമരകം പാരിഷ്ഹാളിൽ വച്ച് നടത്തി. ഫാ. ജോസ് ചിറപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ മേഖലാ പ്രസിഡന്റ് മോളി മാത്യു ഉദ്ഘാടനം ചെയ്തു. സി. ലിനറ്റ്, ലിൻസ് മാത്യു, അൻജിത്ത് എബ്രഹാം എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. ഗ്രൂപ്പ് ഗെയിംസ് നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. 113 പേർ പങ്കെടുത്തു.

**പുതുസംരംഭം:** മള്ളൂശ്ശേരി: ശാന്തി ഗ്രൂപ്പിലെ 6 അംഗങ്ങൾ ചേർന്ന് ചെരുപ്പ് ഉണ്ടാക്കുവാൻ തുടങ്ങി.

## ആദരാഞ്ജലി

**ഞീഴൂർ:** ഉഷസ് ഗ്രൂപ്പംഗമായ മേരി കുഞ്ഞുകറമ്പൻ നിര്യാതയായി. ഗ്ലോറിയാ ഗ്രൂപ്പംഗമായ ചെല്ലമ്മയുടെ ഭർത്താവ് ശ്രീധരൻ നിര്യാതനായി. **കുറുപ്പന്തറ:** സീനിയർ സിറ്റിസൺ ഗ്രൂപ്പംഗമായ എലിക്കുട്ടി വാരപ്പടവിൽ നിര്യാതയായി. **വെളിയന്നൂർ:** കുസുമം ഗ്രൂപ്പംഗമായ സിന്ധു സലിയുടെ ഭർത്താവ് സലിയും, സെന്റ് മേരീസ് ഗ്രൂപ്പംഗമായ അമ്മിണി ഗോപിയുടെ ഭർത്താവ് ഗോപിയും നിര്യാതരായി. സീനിയർ സിറ്റിസൺ ഗ്രൂപ്പ് അംഗമായ പാപ്പി നാരായണൻ നിര്യാതയായി. **അമനകര:** സീനിയർ സിറ്റിസൺ ഗ്രൂപ്പ് അംഗമായ അന്നമ്മ വെട്ടിക്കൽ നിര്യാതയായി. അശ്വതി ഗ്രൂപ്പംഗമായ ശാന്താ കുട്ടപ്പന്റെ ഭർത്താവ് നിര്യാതനായി. **പാലതുരുത്ത്:** സീനിയർ ഗ്രൂപ്പംഗമായ കല്ല്യാണിയുടെ ഭർത്താവ് ചെല്ലപ്പൻ നിര്യാതനായി. **പുതിയ കല്ലറ:** പ്രിയദർശിനി ഗ്രൂപ്പിലെ ചാച്ചിക്കുട്ടിയുടെ ഭർത്താവ് നിര്യാതനായി. **മാന്നാനം:** സീനിയർ സിറ്റിസൺ ഗ്രൂപ്പംഗമായ ത്രേസ്യാമ്മയുടെ ഭർത്താവ് നിര്യാതനായി. **കുമരകം:** ഐശ്വര്യ ഗ്രൂപ്പംഗമായ ത്രേസ്യാമ്മയുടെ ഭർത്താവ് നിര്യാതനായി. **കാരിത്താസ്:** സ്മാർട്ട് ഗ്രൂപ്പംഗമായ റ്റോമിന നിര്യാതയായി. **കൂടല്ലൂർ:** സീനിയർ ഗ്രൂപ്പംഗം മർഗരീത്താ മാണി നിര്യാതയായി. ചൈതന്യ ഗ്രൂപ്പംഗം രാധാമണിയുടെ ഭർത്താവ് കുഞ്ഞേപ്പ് നിര്യാതനായി.



# വേറിട്ട കാഴ്ചകൾ...

*സമൂഹത്തിൽ പൊതുവായി കാണുന്ന പ്രവർത്തന ശൈലികൾക്ക് വ്യത്യസ്തമായി നന്മയുടെയും ബദൽ ജീവിതത്തിന്റേയും ഉദാത്ത പ്രവർത്തന മാതൃകകൾ കാഴ്ച വയ്ക്കുന്ന വേറിട്ട പ്രവർത്തനങ്ങൾ വായനക്കാരുടെ പ്രചോദനത്തിനായി പങ്കു വയ്ക്കുന്നു.*

## ഭവന നിർമ്മാണ പങ്കാളിത്തം

- കിടങ്ങൂർ ഇടവകാംഗവും അമേരിക്കയിൽ താമസമാക്കിയതുമായ സൈമൺ കോട്ടൂരും കുടുംബവും തങ്ങൾ സ്വന്തമായി ഭവനം നിർമ്മിച്ച അവസരത്തിൽ ഭവനരഹിതരായ 25 കുടുംബങ്ങൾക്ക് 20,000 രൂപ വീതം നൽകി 25 പുതിയ ഭവനങ്ങൾ നിർമ്മിക്കുവാൻ വഴിയൊരുക്കിക്കൊണ്ട് കെ.എസ്.എസ്.എസിൽ 5 ലക്ഷം രൂപ ഏല്പിച്ചു. സ്വാശ്രയസംഘാംഗങ്ങൾക്കായിരിക്കും ഈ ഭവനങ്ങൾ നിർമ്മിച്ചു നൽകുക.
- കല്ലറ സ്വദേശിയും ദുബായിൽ ജോലി ചെയ്യുന്നതുമായ ബൈറൂഹായിൽ ലൈസ-ജോർജ് ഒരു ഭവനം പണിയുന്നതിനായി 10,000 രൂപ കെ.എസ്.എസ്.എസ്സിനെ ഏല്പിക്കുകയുണ്ടായി.

## ഗ്രാമവികസന സമിതിക്ക് സംഭാവന

- വെളിയന്നൂർ ഇടവകാംഗമായ ബേബി മൂലക്കാട്ട് വെളിയന്നൂർ ഗ്രാമവികസന സമിതി വഴി വരുമാന പദ്ധതിക്ക് റിവോൾവിംഗ് ഫണ്ടായി വിനിയോഗിക്കുവാൻ 50,000 രൂപ ഗ്രാമവികസന സമിതിയെ ഏല്പിച്ചു. തന്റെ പിതാവ് ചാക്കോ മൂലക്കാട്ടിന്റെ ചരമവാർഷികത്തിന്റെ ഓർമ്മയ്ക്കായി നൽകിയതാണ് തുക.

## വൃക്ഷബന്ധുക്കൾ:

- മാറിക ഗ്രാമത്തിലെ 25 സ്മാർട്ട് കുട്ടികൾക്ക് വികാരി ഫാ. അബ്രഹാം പാറടിയിൽ ഓരോ വൃക്ഷത്തൈകൾ നൽകുകയും സ്മാർട്ട് കുട്ടികൾ വളവും ജലവും നൽകി വൃക്ഷത്തൈ പരിപാലിക്കുകയും ചെയ്യുന്നു. വൃക്ഷങ്ങളെ സ്വന്തം ബന്ധുക്കളെപ്പോലെ കണ്ട് പരിപാലിക്കണമെന്ന പാറടിയച്ചന്റെ നിർദേശം കുട്ടികൾ ഉത്സാഹപൂർവ്വം സ്വീകരിച്ച് മത്സരബുദ്ധിയോടെ സ്വന്തം വൃക്ഷത്തെ പരിപാലിക്കുന്നു.

**ആഗസ്റ്റ് മാസത്തിൽ ഗ്രാമവികസന സമിതികളിലേക്ക് ലഭിച്ച സംഭാവന**

| ഗ്രാമവികസന സമിതി | നൽകിയ വ്യക്തി / ഗ്രൂപ്പ് | തുക |
|---|---|---|
| മാറിടം | ജെയിംസ് ജോസഫ് വല്ലനാട്ട് | 500 |
| മാറിടം | സി.യു. തോമസ് | 500 |
| വെളിയന്നൂർ | ബേബി മൂലക്കാട്ട് | 50000 |
| വെളിയന്നൂർ | മഡോണ ഗ്രൂപ്പ് | 1000 |

**Published by KSSS at Chaithanya**

**For Private Circulation among its partners in development.**